(12) അമിത എന്ന ഏഴു വയസ്സുകാരിയെ ബലാൽസംഗം ചെയ്ത സംഭവം

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, 21-7-1986-ൽ പകൽ 11 മണിക്ക് എന്റെ നിയോജകമണ്ഡലത്തിൽ തട്ടത്തുമല ഗവൺമെന്റ് ഹൈസ്ക്കൂളിൽ 3-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന 7 വയസ്സ് പ്രായമുള്ള അമിത എന്ന പെൺകുട്ടി പരീക്ഷയ്ക്ക് പേപ്പർ വാങ്ങാനായി അടുത്തുള്ള ഒരു കടയിൽ പോയി. ആ സമയത്ത് കടയിൽ ആരും ഉണ്ടായിരുന്നില്ല. 55 വയസ്സുകാരനായ അയൂബ് ലബ്ബ കുട്ടിക്ക് മിഠായി കൊടുത്തിട്ട് കടക്കുള്ളിലേക്ക് വിളിച്ചുകൊണ്ടുപോവുകയും ക്രൂരമായി ബലാൽസംഗം ചെയ്യുകയും ചെയ്യുകയുണ്ടായി. ഐ. എസ്. ആർ. ഒ. യിലെ ഒരു ജീവനക്കാരനായ കുട്ടിയുടെ പിതാവ് ശ്രീ. അച്യുതൻപിള്ള അപ്പോൾ ഓഫീസിൽ ആയിരുന്നു. കുട്ടി തിരിച്ചുവർന്നാമസിച്ചപ്പോൾ കുട്ടിയുടെ അമ്മ ബേബി സരോജം അവിടെ ഓടി എത്തുകയും മറ്റു ചിലരുമായി കുട്ടിയെ ആശുപത്രിയിലാക്കുകയും ചെയ്തു. കുട്ടിക്ക് ഗുരുതരമായ മുറിവുകൾ ഉണ്ട്. കുട്ടിയുടെ മാതാവ് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. പോലീസ് പ്രതിയെ രക്ഷിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മാത്രവുമല്ല പോലീസിൽ പരാതിപ്പെട്ടു. എന്ന കാരണത്താൽ പ്രതിയുടെ ബന്ധുക്കളായ ചിലർ കുട്ടിയുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശരിപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇത്ര നീചമായ, ക്രൂരമായ ബലാൽസംഗ കേസ്സിലെ പ്രതിയെ രക്ഷിക്കാനാണ് പോലീസും സർക്കാരും നിയമം ദുരുപയോഗപ്പെടുത്തുന്നതെങ്കിൽ നാട്ടുകാർ പ്രശ്നം കൈകാര്യം ചെയ്യാൻ നിർബന്ധിതമായിത്തീരും. ഈ ബലാൽസംഗ കേസ്സിൽപ്പെട്ട പ്രതിയെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യാനും അയാളെ മാതൃകാപരമായി ശിക്ഷിക്കാനും നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 7 വയസ്സുമാത്രം പ്രായമുള്ള അമിത എന്ന പെൺകുട്ടിയെ മൃഗീയമായി ചെയ്തിട്ടുള്ള ഈ നടപടിയെ വളരെ ഗൗരവത്തോടുകൂടിത്തന്നെ പോലീസ് കൈകാര്യം ചെയ്തിട്ടുണ്ട്. സെക്ഷൻ 94/56 ആൻറ് സെക്ഷൻ 354 I.P.C. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തു. അതിനെത്തുടർന്ന് നാട്ടുകാർ അവിടെ കൂടി ഈ മനുഷ്യക്കോലമുള്ള മൃഗത്തിന്റെ നേരെ അവരുടെ വികാരം പ്രകടിപ്പിച്ചത് ശരിയാണ്. എങ്കിലും പ്രതികളായ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ കസ്റ്റഡിയിലാണ്. ഇന്ന് അവരെ കോടതിയിൽ ഹാജരാക്കും. ആവശ്യമായ നടപടി സ്വീകരിക്കും. ഒരിക്കലും ഇത് മനുഷ്യത്വത്തിന് ചേരാത്തതുകൊണ്ട് സ്വീകരിക്കാവുന്ന എല്ലാ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(13) തോട്ടം തൊഴിലാളികൾക്ക് പുതിയ സേവന—വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടി

ശ്രീ. എം. ജിനദേവൻ: സർ, കേരളത്തിലെ 3 ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികളുടെ സേവന—വേതന വ്യവസ്ഥകളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കരാറിന്റെ കാലാവധി ഈ കഴിഞ്ഞ മാർച്ച് 31-ാം തീയതി അവസാനിച്ചു. 1983 ഫെബ്രുവരി മാസം



LIBRARY ARCHIVES Kerala Legislative Assembly